ISSN 2322-0651

# Convergia

## A Multidisciplinary Research Journal

Volume 5 ● Issue 5 ● January 2018

KRISHNA MENON MEMORIAL
GOVT. WOMEN'S COLLEGE
P.O. Pallikunnu, Kannur-670 004
Reaccredited by NAAC with 'A' Grade
www.kmmgovtwomenscollege.org
kmmjournal@gmil.com

# CONTENTS

January 2018 Volume 5, Issue 5

1. യാത്രാനുഭവാഖ്യാനങ്ങളിലെ കാഴ്ചകളും കാഴ്ചപ്പാടുകളും
ഡോ. അജിത ചേമ്പൻ.......................................................5

2. DIMENSIONS OF GENDER INEQUALITY IN INDIA: A HUMAN RIGHTS PERSPECTIVE
Dr. Sandhya P and Dr. VipinChandran K P.......................................................12

3. കേരളപാണിനിയും സംസ്കൃതഭാഷയും
ഡോ. സപ്ന ഒ. പി. .......................................................22

4. *MELAM'*: THE INSTRUMENTAL ENSEMBLES IN KERALA TEMPLES
P. V. Anjana.......................................................28

5. AN EXISTENTIALIST JOURNEY THROUGH KAZANTZAKIS' ZORBA THE GREEK
Dr. Francis O.S.......................................................33

6. ചരിത്രവും ബദൽ ചരിത്രാഖ്യാനവും
ഡോ. ലിജി എൻ.......................................................38

7. MAPPING THE SOCIO-CULTURAL REALITIES IN ARUNDHATI ROY'S THE GOD OF SMALL THINGS
Dr. Nisha Nambiar.......................................................48

8. മണ്ണ്: കാവുമ്പായി കർഷകസമരവും സാംസ്ക്കാരിക മുന്നേറ്റവും
സ്വപ്ന ആന്റണി.......................................................51

9. OZONE VARIATION AND INTER RRELATIONSHIP STUDY WITH TEMPERATURE, SOLAR RADIATION AND RELATIVE HUMIDITY AT KANNUR, INDIA
Lekha. V.......................................................58

# മണ്ണ്: കാവുമ്പായി കർഷകസമരവും സാംസ്ക്കാരിക മുന്നേറ്റവും

സ്വപ്ന ആന്റണി

അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, സി.എ.എസ്.കോളജ്, മാടായി

പ്രബന്ധസംഗ്രഹം: കർഷകപ്രസ്ഥാനങ്ങളും കർഷകസമരങ്ങളും കേരളത്തിന്റെ സാംസ്ക്കാരികപുരോഗതിയിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. സാമൂഹികരൂപീകരണത്തിനുള്ള ഉപാധി എന്ന നിലയിൽ കാവുമ്പായി കർഷക സമരചരിത്രത്തെക്കുറിച്ച് അന്വേഷിക്കുന്നതോടൊപ്പം സ്വാതന്ത്ര്യസമരപ്പോരാട്ടത്തോടെ ഇവിടെ ശക്തിപ്രാപിച്ച സാംസ്ക്കാരിക മുന്നേറ്റത്തിനും ദേശീയ ബോധത്തിനും ഈ കർഷകസമരം ഊർജ്ജം പകർന്നതെങ്ങനെയെന്നും ഈ പ്രബന്ധ ത്തിലൂടെ അന്വേഷിക്കുന്നു. സതീഷ്ബാബു പയ്യന്നൂർ എഴുതിയ 'മണ്ണ്' എന്ന കൃതിയെയാണ് ഇത്തരം ഒരു പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

താക്കോൽ വാക്കുകൾ : സ്വാതന്ത്ര്യം - ഇടം - പ്രതിനിധാനം - കാഴ്ച -ജാതി - പ്രത്യയശാസ്ത്രം - ദേശീയത - കർഷകസമരം - നവോത്ഥാനം- മാനവികത

ചരിത്രസത്യങ്ങളെയും മനുഷ്യാവസ്ഥകളെയും സൗന്ദര്യശാസ്ത്രപരമായി സംയോജിപ്പിക്കുമ്പോൾ ചിലപ്പോൾ നോവലിന്റെ ചരിത്രഘടനയ്ക്കു ക്ഷതം പറ്റുകയോ സൗന്ദര്യത്തിനു മങ്ങലേൽക്കുകയോ ചെയ്തേക്കാം. എന്നാൽ ഇവയുടെ സന്തുലിതാവസ്ഥ നിലനിർത്തി സർഗ്ഗരചന നിർവ്വഹിച്ചാൽ ഉത്തമമായ ചരിത്രനോവലുകളുണ്ടാവും; അത് കാലത്തെ അതിജീവിക്കുകയും ചെയ്യും. സതീഷ്ബാബു പയ്യന്നൂർ, 1987-ൽ എഴുതി 1988-ൽ പ്രസിദ്ധംചെയ്ത 'മണ്ണ്' ഈ ഗണത്തിലുൾപ്പെടുത്താവുന്ന ഒരു ചരിത്രനോവലാണ്. വടക്കേമലബാറിലെ കാവുമ്പായിയിൽ നടന്ന കർഷകസമരം പശ്ചാത്തലമാക്കി രചിക്കപ്പെട്ട ഈ നോവൽ കേരളത്തിന്റെ സമരചരിത്രത്തിലെ ശ്രദ്ധിക്കപ്പെടാതെപോയ ഒരേടിലേക്കാണ് വെളിച്ചം വീശുന്നത്. 1841-ൽ മേൽച്ചാർത്ത് സമ്പ്രദായത്തിന്റെ പേരിൽ ജന്മിയായ പെരുമ്പാലി നമ്പൂതിരിയെ കൊന്ന കുഞ്ഞാലൻ എന്ന കുടിയാന്റെ പിന്മുറക്കാരുടെ ജീവിതമാണ് നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. പഴയ ചിറക്കൽ താലൂക്കിന്റെ ഇരിക്കൂർ ഫർക്കയിലെ കാവുമ്പായിയിൽ നടന്ന സമരങ്ങളെ ആസ്പദമാക്കി രചിച്ച ഒരു നോവലാണിത്. 'സ്വന്തമായി ഭൂമിയുള്ള കർഷകരെപ്പോലെ യാഥാസ്ഥിതികരായി മറ്റാരുമില്ല; എന്നാൽ, കൃഷിചെയ്യാൻ ആവശ്യത്തിന് മണ്ണില്ലാത്ത, ഉയർന്ന പാട്ടം കൊടുക്കേണ്ടിവരുന്ന കർഷകർ വിപ്ലവസജ്ജരാകുന്നതുപോലെ മറ്റൊരു സമൂഹവും വിപ്ലവത്തിനു മുതിരുകയുമില്ല." (സാമുവൽ ഹൺടിങ്ടൺ, 1968: 375)എന്ന് സാമുവൽ ഹൺടിംഗ്ടൺ രേഖപ്പെടുത്തിയിട്ടുണ്ട്. വടക്കേമലബാറിലെ കർഷകസമരങ്ങൾ രക്തരൂക്ഷിതമാകാനിടയായത്, കർഷകരുടെയും സാധാരണ ജനങ്ങളുടെയും പൊതുവായ ലക്ഷ്യങ്ങളെയും താത്പര്യങ്ങളെയും അവഗണിച്ച് ജ ിമേധാവിത്വവും ഭരണവർഗ്ഗവും വ്യത്യസ്തമായ ലക്ഷ്യ-താത്പര്യങ്ങൾ വച്ചുപുലർത്തിയതുകൊണ്ടുമാത്രമാണ്. ദാരിദ്ര്യവും ചൂഷണവും സഹിക്കാനാവാതെ കർഷ